# ഇസ്‌ലാമിക ചരിത്ര പാഠങ്ങൾ

## ഭാഗം ഒന്ന്



1




# ഇസ്‌ലാമിക ചരിത്രപാഠങ്ങൾ

# 1

بسم الله الرحمن الرحيم

الحمد لله وحده والصلاة والسلام على من لا نبي بعده وآله وصحبه أجمعين

# അധ്യാപകരോട്

കുട്ടികളുടെ പ്രായവും നിലവാരവും കണക്കിലെടുത്ത് ചരിത്രസംഭവങ്ങൾ ഉൾക്കൊള്ളുന്ന ഗാനങ്ങൾ ഇതിലുൾപ്പെടുത്തിയിട്ടുണ്ട്.

ആദം (عليه السلام) , നൂഹ് (عليه السلام) , ഇബ്റാഹീം (عليه السلام) , മൂസാ (عليه السلام) , ഈസാ (عليه السلام) അന്തിമ ദൂതനായ മുഹമ്മദ് നബി (ﷺ) എന്നിവരുടെ ചരിത്രം മാത്രമാണ് ഇതിലുള്ളത്. കുട്ടികൾക്ക് ചരിത്ര പഠനത്തിൽ താൽപര്യം സൃഷ്ടിക്കും വിധത്തിലുള്ള ബോധന രീതി സ്വീകരിക്കാൻ അധ്യാപകർ ശ്രദ്ധിക്കണം.

അൽ അഥരിയ്യ എജ്യുക്കേഷണൽ ട്രസ്റ്റ്
സിലബസ് ബോർഡ്

# വിശുദ്ധ പാത

നന്മകൾക്കുടയവൻ
നമ്മുടെ പടച്ചവൻ
നിത്യസത്യമാം ഖുർആൻ
തന്ന അല്ലാഹുവാണവൻ
ആയിരക്കണക്കിനു
ദൂതരെ അയച്ചവൻ
ആദ്യമായി ആദമും
അന്തിമൻ മുഹമ്മദും
നന്മകൾ തൻ മാതൃക
തന്നവർ പ്രവാചകർ

# ഉള്ളടക്കം


| | |
|---|---|
| ആദം നബി (عليه السلام) | 7 |
| ഇബ്‌ലീസ് എന്ന വഞ്ചകൻ | 8 |
| നൂഹ് നബി (عليه السلام) | 12 |
| കപ്പലും വെള്ളപ്പൊക്കവും | 13 |
| ഇബ്‌റാഹീം നബി (عليه السلام) | 17 |
| ഇബ്‌റാഹീം നബി (عليه السلام) ന്റെ തന്ത്രം | 18 |
| ആൺകുട്ടികളെ കൊല്ലുന്ന രാജാവ് | 23 |
| മൂസാ നബി (عليه السلام) | 23 |
| മൂസാ നബി (عليه السلام) നാടുവിടുന്നു | 25 |
| ഫിർഔനിന്റെ കൊട്ടാരത്തിലേക്ക് | 26 |
| ജാലവിദ്യക്കാർ ഇസ്‌ലാം സ്വീകരിക്കുന്നു | 27 |
| ഫിർഔനും സംഘവും കടലിൽ മുങ്ങുന്നു | 28 |
| ഈസാ നബി (عليه السلام) | 33 |
| കളിമൺ പക്ഷി പറന്നു | 35 |
| മുഹമ്മദ് നബി (صلى الله عليه وسلم) | 40 |
| മുഹമ്മദ് നബി (صلى الله عليه وسلم) യുടെ കുട്ടിക്കാലം | 41 |
| ഖദീജയുടെ കച്ചവടക്കാരൻ | 42 |
| വിവാഹം | 43 |
| ഹിറാ ഗുഹയിൽ | 43 |
| മദീനയിലേക്ക് | 45 |
| നബിതിരുമേനിയുടെ വഫാത്ത് | 46 |

# പാഠം 1

# آدم عليه السلام

കുട്ടികളേ,

ലോകത്ത് കോടിക്കണക്കിന് ജനങ്ങളുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ പണ്ട്, വളരെ വളരെ പണ്ട് എത്ര പേരായിരുന്നു ലോകത്തുണ്ടായിരുന്നത്? രണ്ടുപേർ മാത്രം. ആദമും ഹവ്വാഉം.

അവർ എവിടെ നിന്നാണ് ഭൂമിയിലെത്തിയത് എന്നറിയാമോ? സ്വർഗത്തിൽ നിന്ന്. അല്ലാഹു അവരെ സൃഷ്ടിച്ച് സ്വർഗത്തിൽ താമസിപ്പിച്ചു. സ്വർഗത്തിൽ അല്ലാഹു നല്ല രുചിയും നല്ല ഭംഗിയും നല്ല മണവുമുള്ള പഴങ്ങളുടെ മരങ്ങളും സൃഷ്ടിച്ചു. എന്നിട്ട് ആദം عليه السلام നോട് പറഞ്ഞു.

ആദമേ  നീയും നിന്റെ ഭാര്യയും ഇവിടെ സുഖമായി ജീവിച്ചോളൂ. നിങ്ങളുദ്ദേശിക്കുന്ന ഏത് പഴവും തിന്നാം. പിന്നെ ഒരു പ്രത്യേക  മരം കാണിച്ചുകൊടുത്തുകൊണ്ട് അല്ലാഹു പറഞ്ഞു. 'ഈ മരത്തെ നിങ്ങൾ സമീപിക്കരുത്'. അങ്ങനെ അല്ലാഹു പറഞ്ഞ പോലെ അവർ സ്വർഗത്തിൽ സുഖമായി ജീവിക്കാൻ തുടങ്ങി.

ആദം ആദി പിതാവാണ്

ആദമിന്നിണയണവ്വാഅ്

ആദമും ഹവ്വയും സ്വർഗത്തോപ്പിൽ

സുഖമായങ്ങനെ ജീവിച്ചു

സ്വർഗത്തിൽ പല മരമുണ്ടേ

പഴങ്ങൾ പലവിധമതിലുണ്ടേ

ഇഷ്ടംപോലെ തിന്നു സുഖിച്ചു

ആദം ഹവ്വാ ദമ്പതിമാർ

## ഇബ്‌ലീസ് എന്ന വഞ്ചകൻ

ഇബ്‌ലീസ് എന്ന ഒരു ധിക്കാരിയും അന്ന് അവിടെ ഉണ്ടായിരുന്നു. അവൻ അല്ലാഹുവിനോട് ധിക്കാരം കാണിച്ചവനാണ്. വഞ്ചകനുമാണ്. ജനങ്ങളെക്കൊണ്ട് ചീത്ത കാര്യങ്ങൾ ചെയ്യിക്കാനാണ് അവന്നിഷ്ടം. അല്ലാഹു ആദം عليه السلام നോട് തിന്നരുതെന്ന് പറഞ്ഞ പഴം ഇബ്‌ലീസ് തിന്നാൻ ഉപദേശിച്ചു. അങ്ങനെ ആദം عليه السلام യും ഭാര്യയും ആ പഴം തിന്നു. അപ്പോൾ അല്ലാഹു ആദം عليه السلام നോട് കോപിച്ചു. ആദം عليه السلام അല്ലാഹുവോട് മാപ്പ് ചോദിച്ചു. സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്കിറങ്ങിപ്പോകാൻ കൽപിച്ചു. അങ്ങനെയാണ് ആദം عليه السلام യും ഹവ്വാഉം ഭൂമിയിലെത്തിയത്.

ആദം നബി عليه السلام ക്കും ഹവ്വാഇനും കുട്ടികളുണ്ടായി. ആ കുട്ടികൾക്കും കുട്ടികളുണ്ടായി. ആയിരക്കണക്കിന് കൊല്ലങ്ങൾ കൊണ്ട് ആദം عليه السلام ന്റെ മക്കൾ പെറ്റുപെരുകി ഭൂമിയുടെ പല ഭാഗങ്ങളിലും താമസമാക്കി. അങ്ങനെയാണ് ലോകത്ത് കോടിക്കണക്കിന് മനുഷ്യരുണ്ടായത്.

ഭൂമിയിലേക്കിറങ്ങാൻ കൽപിച്ചപ്പോൾ അല്ലാഹു നൽകിയ നിർദ്ദേശം ഇതായിരുന്നു: ഞാൻ നിങ്ങൾക്ക് സന്മാർഗം കാണിച്ചുതരും. അപ്പോൾ നിങ്ങൾ ആ മാർഗത്തിൽ ജീവിക്കണം. എന്നാൽ നിങ്ങൾക്ക് ദുഖമോ ഭയമോ ഉണ്ടാവുകയില്ല.

## പഠന പ്രവർത്തനങ്ങൾ

### ചോദ്യങ്ങൾ:

1. മനുഷ്യരുടെ പിതാവ് ആര് ?
2. ആദ്യത്തെ നബിയുടെ പേരെന്ത് ?
3. ആദം عليه السلام എവിടെ നിന്നാണ് ഭൂമിയിലേക്കെത്തിയത് ?
4. ആദം عليه السلام ന്റെ കൂടെ ആരാണ് ഭൂമിയിലേക്ക് വന്നത് ?
5. ആദം عليه السلام നെയും ഹവ്വാഇനെയും തെറ്റു ചെയ്യാൻ പ്രേരിപ്പിച്ചത് ആരാണ് ?

### എഴുതാം വായിക്കാം:

ആദം ___________ ___________ ___________

ഹവ്വ ___________ ___________ ___________

ഭംഗി ___________ ___________ ___________

സ്വർഗം ___________ ___________ ___________

## വാക്കുകൾ കണ്ടെത്താം:

| | | | |
|---|---|---|---|
| പ | ആ | ഗ്ഗം | മ |
| ഴം | ർ | ദം | രം |
| സ്വ | എ | ഖം | സു |
| ടെ | രു | വി | ചി |

## സ്വരാക്ഷരങ്ങൾ കണ്ടെത്താം:

ആദം

അല്ലാഹു

എന്നാൽ

ഏത്

## സ്വരചിഹ്നങ്ങൾ കണ്ടെത്താം:

ധിക്കാരം

മാപ്പ്

ഭൂമി

ലോകം

## പാഠത്തിൽ നിന്ന് കണ്ടെത്തി വട്ടം വരക്കൂ:

അന്ന് ചീത്ത മാപ്പ്

കുട്ടികൾ ധിക്കാരം

## എഴുതാം:

അല്ലാഹു മരങ്ങൾ സൃഷ്ടിച്ചു.

1. അല്ലാഹു ____________________ സൃഷ്ടിച്ചു.
2. അല്ലാഹു ____________________ സൃഷ്ടിച്ചു.
3. അല്ലാഹു ____________________ സൃഷ്ടിച്ചു.

# പാഠം 2

## അഞ്ച് പ്രധാന നബിമാർ

എല്ലാ സമുദായങ്ങളിലേക്കും അല്ലാഹു നബിമാരെ അയച്ചിട്ടുണ്ട്. അവരുടെയെല്ലാം എണ്ണമോ എല്ലാവരുടെയും പേരുകളോ അല്ലാഹു നമുക്ക് പറഞ്ഞു തന്നിട്ടില്ല. ഇരുപത്തിയഞ്ച് നബിമാരുടെ പേരുകൾ മാത്രമേ അല്ലാഹു പറഞ്ഞു തന്നിട്ടുള്ളൂ. ആ ഇരുപത്തിയഞ്ചു പേരിൽ അഞ്ചു പേർക്ക് പ്രത്യേക സ്ഥാനമുണ്ട്. നൂഹ് عليه السلام, ഇബ്റാഹീം عليه السلام, മൂസാ عليه السلام, ഈസാ عليه السلام മുഹമ്മദ് ﷺ എന്നിവരാണ് ആ പ്രവാചകന്മാർ. ഇവരെ പറ്റിയാണ് ഇനി നാം പഠിക്കാൻ പോകുന്നത്.

## نوح عليه السلام

ആദം عليه السلام നു ശേഷം അല്ലാഹു മനുഷ്യരിലേക്ക് നബിമാരെ അയച്ചുകൊണ്ടിരുന്നു, അല്ലാഹു അല്ലാതെ ആരാധ്യനില്ല എന്ന സന്ദേശമാണ് അവരെല്ലാം നൽകിയത്. എന്നിട്ടും പിൽക്കാലത്ത് ജനങ്ങൾ وَدّ، سُواع، يَغُوث، يَعُوق، نَسْر എന്നീ പേരുകളുള്ള വിഗ്രഹങ്ങളെ ആരാധിക്കാൻ തുടങ്ങി. അപ്പോൾ അവരിലേക്ക് നൂഹ് عليه السلام നെ അല്ലാഹു നബിയായി നിയോഗിച്ചു. വഴിതെറ്റിയ ജനങ്ങളെ നല്ല കാര്യങ്ങൾ പഠിപ്പിക്കാൻ അല്ലാഹു അദ്ദേഹത്തോട് കൽപിച്ചു. അദ്ദേഹം പറഞ്ഞു: ജനങ്ങളേ നിങ്ങൾ അല്ലാഹുവെ മാത്രം

ആരാധിക്കുവിൻ.അവനല്ലാതെ ആരാധനക്ക് അർഹനായി നിങ്ങൾക്ക് ആരുമില്ല. എന്നാലവർ അത് സ്വീകരിച്ചില്ല.

## കപ്പലും വെള്ളപ്പൊക്കവും

നൂഹ് عليه السلام ജനങ്ങളെ വീണ്ടും ഉപദേശിച്ചു. 'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ' (സൂറ: നൂഹ്: 3)

വിഗ്രഹാരാധകരായ ആളുകൾ ഇതുകേട്ടപ്പോൾ ജനങ്ങളോട് പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ ആരാധ്യന്മാരെ ഉപേക്ഷിക്കരുത്.'

ജനങ്ങൾ നൂഹ് നബി عليه السلام യെ അനുസരിച്ചില്ല. അവർ പറഞ്ഞു: നൂഹേ, നിന്നെ ഞങ്ങൾ എറിഞ്ഞു കൊല്ലും. അപ്പോൾ അല്ലാഹു അദ്ദേഹത്തോട് ഒരു കപ്പലുണ്ടാക്കാൻ പറഞ്ഞു. കൊടും വേനൽക്കാലത്താണ് അദ്ദേഹം കപ്പലുണ്ടാക്കാൻ തുടങ്ങിയത്. അതുകണ്ട് ജനങ്ങൾ അദ്ദേഹത്തെ കളിയാക്കി. കപ്പലിന്റെ നിർമ്മാണം പൂർത്തിയായി. പെട്ടന്നതാ ഒരു പെരുമഴ വരുന്നു! അത് കൂടിക്കൂടി വന്നു. അടുപ്പിൽ നിന്നും ഉറവു പൊട്ടുന്ന അവസ്ഥയിൽ വെള്ളപ്പൊക്കമുണ്ടായി. അപ്പോൾ അല്ലാഹു നൂഹ് നബി عليه السلام യോട് പറഞ്ഞു: നീ നിന്റെ കുടുംബത്തെ കപ്പലിൽ കയറ്റുക. എല്ലാ ജീവികളിൽ നിന്നും രണ്ട് ഇണകളെയും കയറ്റണം. സത്യവിശ്വാസികളെല്ലാം ആ കപ്പലിൽ കയറി പക്ഷേ വിഗ്രഹാരാധകന്മാർ കയറിയില്ല.

നൂഹ് നബി عليه السلام യുടെ ഒരു മകനും വിഗ്രഹാരാധകനായിരുന്നു. നൂഹ് عليه السلام പറഞ്ഞു: മോനേ, നീയെന്നെ അനുസരിക്കൂ, അല്ലാഹുവെ മാത്രം ആരാധിക്കൂ. ഈ കപ്പലിൽ കയറൂ.

മലകൾ പോലെയുള്ള തിരമാലകൾ അടിക്കാൻ തുടങ്ങി. എന്നിട്ടും മകൻ കയറാൻ തയ്യാറായില്ല. ഞാൻ വല്ല മലയിലും പോയി രക്ഷപ്പെട്ടുകൊള്ളാം എന്നാണ് അവൻ പറഞ്ഞത്.

വെള്ളപ്പൊക്കത്തിൽ നൂഹ് നബി عليه السلام യുടെ മകനും മറ്റ് സത്യ നിഷേധികളും നശിച്ചു.

പിന്നെ മഴ നിന്നു. വെള്ളമിറങ്ങി. നൂഹ് നബി عليه السلام യും സത്യ വിശ്വാസികളും അവരുടെ മൃഗങ്ങളുമെല്ലാം കപ്പലിൽ നിന്ന് ഭൂമിയിൽ ഇറങ്ങി. അവർ സുഖമായി ജീവിക്കാൻ തുടങ്ങി.

**റബ്ബിനെ മാത്രം ആരാധിച്ചാൽ**

**സ്വർഗം കിട്ടും നമ്മൾക്ക്**

**റബ്ബിൻ കൽപന തെറ്റി നടന്നാൽ**

**നരകം കിട്ടും നമ്മൾക്ക്**

**നരകം വേണ്ടാ സ്വർഗം വേണം**

**അതിനായ് പ്രാർത്ഥന റബ്ബിന്ന്**

**ഈ ലോകത്തും പരലോകത്തും**

**റബ്ബേ കാവൽ നീയാണ്**

# പഠന പ്രവർത്തനങ്ങൾ

## വായിക്കാം എഴുതാം:

1. സമുദായം ______________ ______________
2. സന്ദേശം ______________ ______________
3. ജനങ്ങൾ ______________ ______________
4. അനുസരണം ______________ ______________
5. കപ്പൽ ______________ ______________

## ഇലയിലെ അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ എഴുതാം:




______________ ______________

______________ ______________

______________ ______________

## വാക്യങ്ങൾ എഴുതാം:

| | | |
|---|---|---|
| നൂഹ് നബി عليه السلام | മാത്രം | പൊട്ടി |
| അല്ലാഹുവിനെ | ഉറവ | ഉണ്ടാക്കി |
| അടുപ്പിൽ നിന്നും | കപ്പൽ | ആരാധിക്കുക |

______________________________________________

______________________________________________

______________________________________________

## വാക്കുകൾ പൂരിപ്പിക്കുക:

1. നൂഹ് നബി عليه السلام എപ്പോഴാണ് കപ്പലുണ്ടാക്കിയത്?
   (വേനൽ കാലത്ത്, മഴക്കാലത്ത്)

2. സത്യവിശ്വാസികളെല്ലാം കപ്പലിൽ .....................
   (കയറി, കയറിയില്ല)

3. ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുള്ള നബിമാരുടെ എണ്ണം എത്ര?
   (ഇരുപത്തി മൂന്ന്, ഇരുപത്തിയഞ്ച്)

4. കപ്പലിന്റെ നിർമ്മാണം പൂർത്തിയായപ്പോൾ ............... വന്നു.
   (കാറ്റ്, പെരുമഴ)

## ചില്ലക്ഷരങ്ങൾ കണ്ടെത്തൂ:

- ആളുകൾ ☐
- കപ്പൽ ☐
- നബിമാർ ☐
- മകൻ ☐

## ഉത്തരം പറയാം:

1. നൂഹ് നബി عليه السلام നോട് ആരാണ് കപ്പലുണ്ടാക്കാൻ കൽപിച്ചത്?
2. കപ്പലിൽ കയറാത്തവർക്ക് എന്ത് സംഭവിച്ചു?
3. നൂഹ് നബി عليه السلام ജനങ്ങളെ ഉപദേശിച്ചത് എന്ത്?
4. നൂഹ് നബി عليه السلام യുടെ കാലത്ത് ജനങ്ങൾ എന്തിനെയെല്ലാം ആരാധിച്ചിരുന്നു.

# പാഠം 3

# إبراهيم عليه السلام

ഇറാഖിൽ ബിംബങ്ങൾ വിറ്റു നടന്നിരുന്ന ഒരു മനുഷ്യനുണ്ടായിരുന്നു. ആസർ എന്നായിരുന്നു അയാളുടെ പേര്. ആസറിന് ഒരു മകൻ പിറന്നു. മകന്ന് അയാൾ ഇബ്റാഹീം എന്ന് പേരിട്ടു.

ഇബ്റാഹീം عليه السلام നല്ല കുട്ടിയായിരുന്നു. മാതാപിതാക്കളോട് നല്ല സ്നേഹമായിരുന്നു ഇബ്റാഹീം عليه السلام ന്. വലുതായപ്പോൾ അല്ലാഹു അദ്ദേഹത്തെ നബിയായി തെരഞ്ഞെടുത്തു.

ഇറാഖിലെ ജനങ്ങൾ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും ആരാധിച്ചിരുന്നു. കല്ലുകൊണ്ടും മരംകൊണ്ടും അവർ വിഗ്രഹങ്ങളുണ്ടാക്കി.

വിഗ്രഹാരാധകനായ പിതാവിനോട് ഇബ്റാഹീം عليه السلام പറഞ്ഞു: 'പിതാവേ, കേൾക്കുകയോ കാണുകയോ ചെയ്യാത്ത, ഒരു ഉപകാരവും ഉപദ്രവവും ചെയ്യാൻ കഴിവില്ലാത്ത വസ്തുക്കളെ നിങ്ങൾ എന്തിനാണ് ആരാധിക്കുന്നത്?'

പിതാവിന്ന് മകന്റെ ചോദ്യം ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിന്റെ ഉപദേശം ആസർ സ്വീകരിച്ചില്ല. വിഗ്രഹങ്ങളെയോ മറ്റേതെങ്കിലും വസ്തുവിനെയോ ആരാധിക്കരുതെന്നും അല്ലാഹുവെ മാത്രമേ ആരാധിക്കാൻ പാടുള്ളൂ എന്നും ഇബ്റാഹീം عليه السلام വീണ്ടും

ഉപദേശിച്ചു.

മകന്റെ ഉപദേശം കേട്ട് ആസറിന്ന് ദേഷ്യം വന്നു. അദ്ദേഹം മകനോട് പറഞ്ഞു: 'ഇബ്റാഹീമേ, നീ എന്റെ ദൈവങ്ങളെ വേണ്ടെന്നു വെക്കുകയാണോ? നീ ഈ വിമർശനം നിർത്തിയില്ലെങ്കിൽ ഞാൻ നിന്നെ കല്ലെറിഞ്ഞ് ഓടിക്കും. കുറേ കാലത്തേക്ക് നീ എന്റെ വീട് വിട്ടു പോകണം'. ഇബ്റാഹീം عليه السلام ഭയപ്പെട്ടില്ല. വീണ്ടും ജനങ്ങളെ ഉപദേശിച്ചു. ആ നാട്ടിലെ രാജാവിനോടും അല്ലാഹുവിനെ മാത്രം ആരാധിക്കാൻ ഉപദേശിച്ചു.

ഇബ്റാഹീം നബി عليه السلام രാജാവിനോട് ചോദിച്ചു: അല്ലാഹുവാണ് സൂര്യനെ കിഴക്കുനിന്ന് ഉദിപ്പിക്കുന്നത്. നിങ്ങൾക്ക് സൂര്യനെ പടിഞ്ഞാറു നിന്ന് ഉദിപ്പിക്കാൻ കഴിയുമോ? വിഗ്രഹാരാധകനായ രാജാവിന് ഉത്തരം മുട്ടി.

## ഇബ്റാഹീം നബിയുടെ തന്ത്രം

വിഗ്രഹങ്ങൾക്ക് ഒരു കാര്യവും ചെയ്യാൻ കഴിയില്ലെന്നു തെളിയിക്കാൻ ഇബ്റാഹീം നബി عليه السلام ഒരു തന്ത്രം പ്രയോഗിച്ചു. അദ്ദേഹം ഒരു ദിവസം അവരുടെ ആരാധനാ സ്ഥലത്ത് ചെന്നു. അവിടെ അപ്പോൾ ആരുമുണ്ടായിരുന്നില്ല. അവിടെയുള്ള ചെറിയ വിഗ്രഹങ്ങളെയെല്ലാം വെട്ടിമുറിച്ചു. വലിയ വിഗ്രഹത്തെ മാത്രം തകർത്തില്ല.

ജനങ്ങൾ ഇതറിഞ്ഞപ്പോൾ ഇബ്റാഹീം നബി عليه السلام യെ പിടികൂടി. 'നീയല്ലേ ഇബ്റാഹീമേ ഈ വിഗ്രഹങ്ങളെ വെട്ടിനുറുക്കിയത്?'

ഇതിന് ഇബ്റാഹീം നബി عليه السلام പറഞ്ഞ മറുപടി രസകരമായിരുന്നു: 'ആ വലിയ വിഗ്രഹത്തോട് ചോദിച്ചു നോക്കൂ ആരാണ് ചെറിയ വിഗ്രഹങ്ങളെ തകർത്തതെന്ന്? അത് സംസാരിക്കുമോ എന്ന് നോക്കട്ടെ.

അവർക്ക് വീണ്ടും ഉത്തരം മുട്ടി. അപ്പോൾ അവർ ഇബ്റാഹീം عليه السلام നെ കൊല്ലാൻ തീരുമാനിച്ചു. ഒരു വലിയ തീക്കുണ്ഡം ഉണ്ടാക്കി അതിലേക്ക് അവർ അദ്ദേഹത്തെ വലിച്ചെറിഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു. حَسْبِيَ اللّٰهُ وَنِعْمَ الوَكِيل (എനിക്ക് അല്ലാഹു മതി. ഭരമേല്പിക്കാൻ അവൻ എത്ര നല്ലവൻ.)

അദ്ദേഹം ആ തീയിൽ കത്തിക്കരിഞ്ഞു എന്ന് വിചാരിച്ച അവർ സന്തോഷിച്ചു. അപ്പോഴതാ തീയിൽ നിന്ന് ഒന്നും പറ്റാതെ സന്തോഷവാനായി ഇബ്റാഹീം عليه السلام പുറത്തുവരുന്നു. അല്ലാഹു ആ തീയെ തണുപ്പാക്കിക്കൊടുത്തതുകൊണ്ടാണ് അദ്ദേഹം കത്തിക്കരിയാതിരുന്നത്.

ഇബ്റാഹീം നബി عليه السلام യാണ് കഅ്ബ പടുത്തുയർത്തിയത്. സഹായത്തിന് അദ്ദേഹത്തിന്റെ മകൻ ഇസ്മാഈൽ عليه السلام ഉം ഉണ്ടായിരുന്നു.

ഇബ്റാഹീം عليه السلام ന്റെ ഭാര്യയായിരുന്നു സാറ. അദ്ദേഹത്തിന്റെ അടിമസ്ത്രീ ആയിരുന്നു ഹാജർ. ഹാജറിൽ ഉണ്ടായ കുട്ടിയാണ് ഇസ്മാഈൽ عليه السلام. സാറയിലുണ്ടായ കുട്ടിയാണ് ഇസ്ഹാഖ് عليه السلام. ഇബ്റാഹീം നബി عليه السلام ക്ക് വയസ്സുകാലത്താണ് ഈ മക്കളുണ്ടായത്. അദ്ദേഹം ഇസ്മാഈൽ عليه السلام നേയും ഇസ്ഹാഖ് عليه السلام നെയും സ്നേഹത്തോടെ വളർത്തി.

ഹാജറിനെയും മകൻ ഇസ്മാഈൽ عليه السلام നേയും ഇബ്റാഹീം നബി عليه السلام മക്കയിൽ താമസിപ്പിച്ചു. അന്ന് മക്കയിൽ ജനവാസ മുണ്ടായിരുന്നില്ല. കുടിവെള്ളമോ കൃഷിയോ അവിടെ ഉണ്ടായിരുന്നില്ല. ഹാജറിനെയും മകനെയും അവിടെ താമസിപ്പിച്ച് ഇബ്റാഹീം നബി عليه السلام മറ്റൊരു സ്ഥലത്തേക്ക് പോയി. അദ്ദേഹം ഇങ്ങനെയെല്ലാം ചെ യ്തത് അല്ലാഹുവിന്റെ കൽപന പ്രകാരമായിരുന്നു.

ഇസ്മാഈൽ എന്ന കുഞ്ഞ് വെള്ളത്തിനായി കരഞ്ഞപ്പോൾ ഹാജർ സ്വഫാ കുന്നിന്റെയും മർവാ കുന്നിന്റെയും ഇടയിലൂടെ വെള്ളമന്വേഷിച്ച് ഓടി. അപ്പോൾ അല്ലാഹു ആ മലകളുടെ താഴ്വരയിൽ ഒരു അത്ഭുതകരമായ നീരുറവ നൽകി. അതാണ് സംസം. അത് ഒരു കാലത്തും വറ്റിയിട്ടില്ല. ഇപ്പോഴും ഓരോ ദിവസവും ലക്ഷക്കണക്കിനാളുകൾ സംസം കുടിക്കുന്നു. ഹാജിമാർ സംസം നാട്ടിലേക്ക് കൊണ്ടുപോകുന്നു.

ഇസ്മാഈൽ عليه السلام വലുതായപ്പോൾ ഇബ്റാഹീം നബി عليه السلام ഒരു സ്വപ്നം കണ്ടു. ഇസ്മാഈൽ عليه السلام നെ അറുക്കണമെന്ന് അല്ലാഹു സ്വപ്നത്തിലൂടെ പറഞ്ഞു. തനിക്ക് വളരെയധികം സ്നേഹമുള്ള കുട്ടിയായിരുന്നിട്ടുകൂടി അവനെ അറുക്കാൻ ഇബ്റാഹീം നബി عليه السلام ഒരുങ്ങി. അപ്പോൾ അല്ലാഹു പറഞ്ഞു. മകനെ അറുക്കേണ്ടെന്ന്. പകരം ഒരു മൃഗത്തെ ബലി നൽകിയാൽ മതിയെന്ന് അല്ലാഹു നിർദ്ദേശിച്ചു. ഇസ്മാഈൽ عليه السلام നെയും അല്ലാഹു നബിയാക്കി.

**നംറൂദെന്നൊരു രാജാവ്**
**വലിയൊരു തീക്കളമുണ്ടാക്കി**
**ഇബ്റാഹീമിനെ കൊല്ലാനായ്**
**തീയിലെറിഞ്ഞു നംറൂദ്**
**തീയിനെ റബ്ബ് തണുപ്പാക്കി**
**ഇബ്റാഹീമിനെ രക്ഷിച്ചു**
**ഒരു മുടിപോലും കരിയാതെ**
**തീയിൽ നിന്നും കരകയറി**

# പഠന പ്രവർത്തനങ്ങൾ

## വായിക്കാം എഴുതാം:

1. ഇറാഖ് ____________ ____________
2. സ്നേഹം ____________ ____________
3. ആരാധന ____________ ____________
4. വിമർശനം ____________ ____________
5. താഴ്‌വര ____________ ____________

## പദങ്ങൾ നിർമ്മിക്കാം:

| | | | |
|---|---|---|---|
| സ | മ | ല | |
| വ | ഫ | ി | |
| ബ | ക | ൃ | ം |
| ഷ | ർ | ര | ന |

____________ ____________

____________ ____________

____________ ____________

## വരച്ച് യോജിപ്പിക്കാം:

| | |
|---|---|
| ഇബ്റാഹീം عليه السلام | മർവ |
| ഇസ്ഹാഖ് عليه السلام | ഹാജർ |
| ഇസ്മാഈൽ عليه السلام | സാറ |
| സ്വഫാ | ആസർ |

## വാക്കുകൾ പൂരിപ്പിക്കുക:

1. കഅ്ബ പുനർനിർമ്മിച്ച നബിയാര്?
(നൂഹ് നബി عليه السلام, ഇബ്റാഹീം നബി عليه السلام)

2. ഇബ്റാഹീം നബി عليه السلام യെ വലിച്ചെറിഞ്ഞത് എന്തിലേക്ക്?
(കടലിലേക്ക് , തീകുണ്ഡത്തിലേക്ക്)

3. ഇബ്റാഹീം നബി عليه السلام യുടെ പിതാവിന്റെ പേര്?
(ഇസ്മാഈൽ عليه السلام, ആസർ)

4. ഇസ്ഹാഖ് നബി عليه السلام യുടെ ഉമ്മയുടെ പേര്?
(സാറ , ഹാജർ)

5. ഹാജറിന്റെ മകന്റെ പേര്?
(ഇസ്ഹാഖ് عليه السلام, ഇസ്മാഈൽ عليه السلام)

**ഓർത്തിരിക്കാം**

ഇബ്റാഹീം നബി عليه السلام യുടെ
മറ്റൊരു പേര്?

**ഖലീലുല്ലാഹ്**
**(അല്ലാഹുവിന്റെ കൂട്ടുകാരൻ)**

## പാഠം 4

# ആൺകുട്ടികളെ കൊല്ലുന്ന രാജാവ്

ഈജിപ്തിൽ ക്രൂരനായ ഒരു രാജാവുണ്ടായിരുന്നു. ഫിർഔൻ എന്നായിരുന്നു അയാളുടെ പേര്. ആ രാജ്യത്തെ സ്ത്രീകൾ ആൺകുഞ്ഞിനെയാണ് പ്രസവിക്കുന്നതെങ്കിൽ അതിനെ അവൻ കൊല്ലുമായിരുന്നു.

ഫിർഔനിന്റെ നാട്ടിലായിരുന്നു യഅ്ഖൂബ് നബി عليه السلام ന്റെ സന്താനപരമ്പരകളായ ഇസ്റാഈല്യർ താമസിച്ചിരുന്നത്. അവരുടെ എണ്ണം കൂടിയാൽ അവർ ഭരണം പിടിച്ചെടുക്കുമെന്ന് ഫിർഔൻ ഭയപ്പെട്ടു. അതുകൊണ്ടാണ് ജനിക്കുന്ന ആൺകുഞ്ഞുങ്ങളെയെല്ലാം കൊന്നുകളയാൻ ഫിർഔൻ തീരുമാനിച്ചത്.

## موسى عليه السلام

ആ നാട്ടിൽ ഒരു സ്ത്രീ ആൺകുഞ്ഞിനെ പ്രസവിച്ചപ്പോൾ ഒരു അത്ഭുതമുണ്ടായി. അതിനെ ഒരു പെട്ടിയിലാക്കി പുഴയിൽ ഒഴുക്കാൻ അല്ലാഹു ആ സ്ത്രീക്ക് സന്ദേശം നൽകി. കുഞ്ഞിന് മൂസാ എന്നവർ പേരിട്ടു. ഉമ്മ ആ കുഞ്ഞിനെ പെട്ടിയിലാക്കി നൈൽ നദിയിൽ ഒഴുക്കി. ആ സ്ത്രീക്ക് തന്റെ കുഞ്ഞിന് എന്ത് സംഭവിക്കും എന്ന പേടിയുണ്ടായിരുന്നു. പെട്ടി എവിടേക്കാണ് ഒഴുകി പോകുന്നത്

എന്നറിയാൻ അവർ തന്റെ മകളെ പറഞ്ഞയച്ചു.

നൈൽ നദിയുടെ തീരത്തായിരുന്നു ഫിർഔനിന്റെ കൊട്ടാരം. നദിയിൽ തോഴിമാരോടൊത്ത് ഫിർഔനിന്റെ ഭാര്യ കുളിച്ചുകൊണ്ടിരുന്നപ്പോൾ ഒരു പെട്ടി ഒഴുകി വരുന്നത് കണ്ടു. കരയ്ക്കണഞ്ഞ ആ പെട്ടി അവർ എടുത്ത് തുറന്നു നോക്കി. ഹാ! അതിൽ നല്ലൊരു ആൺകുഞ്ഞ്. ഫിർഔനിന്റെ ഭാര്യ ആ കുഞ്ഞിനെ കൊട്ടാരത്തിലേക്ക് കൊണ്ടു പോയി. ഇതെല്ലാം കുഞ്ഞിന്റെ സഹോദരി കാണുന്നുണ്ടായിരുന്നു. ഫിർഔനിന്റെ ഭാര്യ ഫിർഔനിനോട് പറഞ്ഞു.

'ഈ കുഞ്ഞിനെ കൊല്ലേണ്ട. നമുക്ക് ഇവനെ വളർത്താം' ഫിർഔൻ രാജാവ് അത് സമ്മതിച്ചു. ഫിർഔനിന്റെ ഭാര്യ അല്ലാഹുവിൽ വിശ്വസിച്ച ഒരു നല്ല സ്ത്രീയായിരുന്നു.

അപ്പോൾ ഈ കുഞ്ഞിന് മുലയൂട്ടാൻ എന്ത് ചെയ്യും എന്ന ചിന്തയായി. അവർ പല സ്ത്രീകളെയും അന്വേഷിച്ചു. വരുന്ന സ്ത്രീകളിൽ ആരുടേയും മുലകുടിക്കാൻ കുഞ്ഞ് കൂട്ടാക്കിയില്ല. ഒടുവിൽ മൂസായുടെ ഉമ്മാക്ക് തന്നെ തന്റെ കുഞ്ഞിനെ മുലയൂട്ടാൻ അവസരം കിട്ടി. കുഞ്ഞ് ആ സ്ത്രീയുടേതാണെന്ന് ഫിർഔനിന്ന് അറിയില്ലായിരുന്നു.

അങ്ങനെ ഇസ്റായീല്യരുടെ ആൺകുട്ടികളെ കൊല്ലുന്ന ഫിർഔന്റെ കൊട്ടാരത്തിൽ ഇസ്റാഈല്യനായ മൂസാ عليه السلام എന്ന ആൺകുട്ടി വളർന്നുവന്നു. മൂസാ عليه السلام നല്ല ആരോഗ്യമുള്ള ചെറുപ്പക്കാരനായി മാറി. അക്കാലത്ത് ഒരു ഇസ്റാഈലിയും ഒരു ഖിബ്തിയും തമ്മിൽ വഴക്കുണ്ടായി. അപ്പോൾ ഇസ്റാഈലി മൂസാ عليه السلام യുടെ സഹായം തേടി. അതുകേട്ട് മൂസാ ഖിബ്തിക്ക് ഒരടി

വെച്ചുകൊടുത്തു. അടികൊണ്ട് ഖിബ്തി മരണപ്പെട്ടു.

## മൂസാ നാടുവിടുന്നു

ഖിബ്തി മരണപ്പെട്ടപ്പോൾ അവന്റെ ആൾക്കാർ മൂസാ عليه السلام യെ കൊല്ലാൻ തീരുമാനിച്ചു. ഇതറിഞ്ഞ മൂസാ عليه السلام ന് പേടിയായി. അപ്പോൾ ആരും അറിയാതെ മൂസാ നാടുവിട്ടു. ദൂരെയുള്ള മദ്‌യൻ എന്ന നാട്ടിലേക്കാണ് അദ്ദേഹം പോയത്.

മദ്‌യനിൽ നല്ലവനായ ഒരു വൃദ്ധൻ തന്റെ വീട്ടിൽ മൂസാ عليه السلام യെ താമസിപ്പിച്ചു. മൂസാ عليه السلام കുറെ വർഷങ്ങൾ അവിടെ താമസിക്കുകയും ആ വീട്ടുകാരന്ന് വേണ്ടി ജോലി ചെയ്തുകൊടുക്കുകയും ചെയ്തു. അദ്ദേഹം തന്റെ മകളെ മൂസാ عليه السلام ന് കല്യാണം കഴിച്ചു കൊടുത്തിരുന്നു.

കുറെ വർഷങ്ങൾ മദ്‌യനിൽ താമസിച്ചശേഷം മൂസാ عليه السلام ന് തന്റെ ജന്മനാടായ ഈജിപ്തിലേക്ക് മടങ്ങാൻ തോന്നി. അദ്ദേഹം ഭാര്യയുമായി യാത്രയായി. നടന്നു നടന്ന് സീനാ മലയുടെ താഴ്‌വരയിലെത്തി. സമയം രാത്രി. നടക്കണമെങ്കിൽ വെളിച്ചം വേണം. ആരെങ്കിലും വഴി പറഞ്ഞുതരികയും വേണം. അതിന്ന് അവിടെ ആരുമില്ലായിരുന്നു. അപ്പോഴതാ സീനാ മലയിൽ നിന്ന് തീ കാണുന്നു. കുടുംബത്തെ അവിടെ നിർത്തി അദ്ദേഹം തീയെടുക്കാൻ അങ്ങോട്ടുപോയി. ചിലപ്പോൾ വഴി പറഞ്ഞുതരാൻ പറ്റിയ വല്ല ആളും ആ തീയിന്റെ അടുത്തുണ്ടാകും എന്ന് മൂസാ عليه السلام വിചാരിച്ചു. മൂസാ عليه السلام അങ്ങോട്ട് ചെന്നപ്പോൾ ഒരു ശബ്ദം കേട്ടു.

'ഓ മൂസാ' മൂസാ അത്ഭുതപ്പെട്ടു. ഇതാരാണ് എന്റെ പേരു വിളിക്കുന്നത്! വിളിക്കുന്ന ആളെ കാണുന്നില്ല. ശബ്ദം വീണ്ടും കേട്ടു. 'തീർച്ചയായും ഞാനാണ് നിന്റെ റബ്ബ്. അതിനാൽ നീ നിന്റെ ചെരിപ്പുകൾ അഴിച്ചു വെക്കൂ. നിശ്ചയമായും നീ ത്വുവാ എന്ന പരിശുദ്ധമായ താഴ്‌വരയിലാണ്. ഞാൻ നിന്നെ (നബിയായി)

തെരഞ്ഞെടുത്തിരിക്കുന്നു. (പരിശുദ്ധ ഖുർആൻ 20: 12,13)

ഞാനല്ലാതെ ആരാധനക്ക് അർഹൻ മറ്റാരുമില്ലെന്നും എന്നെ നീ ആരാധിക്കണമെന്നും നിസ്കാരം നിലനിർത്തണമെന്നും അല്ലാഹു മൂസാ നബി عليه السلام യോട് കൽപിച്ചു.

മൂസാ നബി عليه السلام ന്റെ കയ്യിൽ ഒരു വടി ഉണ്ടായിരുന്നു. അത് നിലത്തിടാൻ അല്ലാഹു കൽപിച്ചു. അദ്ദേഹം വടി നിലത്തിട്ടപ്പോൾ അതൊരു വലിയ സർപ്പമായി ഇഴയാൻ തുടങ്ങി. അതുകണ്ട് മൂസാ നബി عليه السلام പേടിച്ചുപോയി. അപ്പോൾ അല്ലാഹു പറഞ്ഞു. ''പേടിക്കേണ്ട. നീ അതെടുക്കൂ. ഞാൻ അതിനെ ആദ്യത്തേതു പോലെയാക്കും.'' മൂസാ നബി عليه السلام ആ പാമ്പിനെ എടുത്തപ്പോൾ അത് വീണ്ടും വടിയായി മാറി. പിന്നീട് കൈ കക്ഷത്തിലേക്ക് വെക്കാൻ പറഞ്ഞു. പുറത്തെടുത്തപ്പോൾ കൈ വെളുത്തുതിളങ്ങി.

ശേഷം ഒരു വലിയ കാര്യമാണ് അല്ലാഹു അദ്ദേഹത്തോട് കൽപിച്ചത്. നീ ഫിർഔനിന്റെ അടുത്തേക്കു പോകണം. അവനോട് അല്ലാഹുവെ മാത്രമേ ആരാധിക്കാവൂ എന്ന് ഉപദേശിക്കണം. നീ പേടിക്കേണ്ട. എന്റെ സഹായം നിനക്കുണ്ടാകും എന്നായിരുന്നു അല്ലാഹു പറഞ്ഞത്.

## ഫിർഔനിന്റെ കൊട്ടാരത്തിലേക്ക്

ഈജിപ്തിലെ രാജാവായി വാണ ഫിർഔൻ വലിയ ധിക്കാരിയായിരുന്നു. ഇസ്റാഈലികളോട് അവൻ പറഞ്ഞു. ഞാനാണ് നിങ്ങളുടെ റബ്ബ്. അല്ലാഹുവാണ് റബ്ബ് എന്ന് പറയുന്നവരെയെല്ലാം അവൻ ക്രൂരമായി മർദ്ദിച്ചു. മൂസാ عليه السلام ഫിർഔനിന്റെ കൊട്ടാരത്തിലേക്ക് നടന്നു. കൂടെ സഹോദരൻ ഹാറൂൻ നബിയും عليه السلام ഉണ്ടായിരുന്നു.

മൂസാ നബി عليه السلام യും ഹാറൂൻ നബി عليه السلامയും

ഫിർഔനിനോട് പറഞ്ഞു. ‘‘ഞങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുമായിട്ടാണ് വന്നത്. ഇസ്റാഈൽ സന്തതികളെ നീ ഞങ്ങൾക്ക് വിട്ടുതരണം. അവരെ ശിക്ഷിക്കരുത്. സൻമാർഗം പിൻപറ്റുന്നവർക്ക് അല്ലാഹുവിൽ നിന്നുള്ള സമാധാനമുണ്ടാകും. സന്മാർഗത്തെ കളവാക്കുന്നവർക്ക് അല്ലാഹുവിന്റെ ശിക്ഷയുണ്ടാകും.’’

എന്നാൽ ഫിർഔൻ അവരുടെ ഉപദേശങ്ങളൊന്നും സ്വീകരിച്ചില്ല. നബിമാരെ അവൻ പരിഹസിച്ചു. നിന്റെ കയ്യിലുള്ള വടി പാമ്പാകുന്നത് അല്ലാഹുവിന്റെ ദൃഷ്ടാന്തമല്ല. അത് സിഹ്റാണ്. നിന്നെക്കാൾ വലിയ സാഹിറുകൾ എന്റെ കീഴിലുണ്ട് എന്ന് ഫിർഔൻ മൂസാ നബി عليه السلام യോട് പറഞ്ഞു.

## ജാലവിദ്യക്കാർ ഇസ്‌ലാം സ്വീകരിക്കുന്നു

ഫിർഔൻ മൂസ നബി عليه السلام യെയും ഹാറൂൻ നബി عليه السلام യെയും മത്സരത്തിന് ക്ഷണിച്ചു. നാട്ടിലെ പ്രധാന സാഹിറുകളെ യെല്ലാം ക്ഷണിച്ചു വരുത്തി മത്സരം നടത്താൻ തീരുമാനിച്ചു. മത്സരം കാണാൻ നാട്ടിലെ എല്ലാ ജനങ്ങളും ഒരു മൈതാനത്തിൽ ഒരുമിച്ചുകൂടി.

മത്സരം തുടങ്ങാറായി. നിന്റെ വടി പാമ്പായി മാറുന്നത് അല്ലാഹുവിന്റെ ദൃഷ്ടാന്തമല്ലെന്നും ഞങ്ങളുടെ വടികളും കയറുകളും മറ്റ് സാധനങ്ങളും പാമ്പുകളായി മാറുന്നത് കാണിച്ചു തരാമെന്നും ജാലവിദ്യക്കാർ മൂസാനബി عليه السلام യോട് പറഞ്ഞു.

അവർ സാധനങ്ങളോരോന്നായി നിലത്തിട്ടു. ഓരോന്നും പാമ്പായി ഇഴയാൻ തുടങ്ങി. അപ്പോൾ മൂസാ നബി عليه السلام പേടിച്ചു. അവരുടെ എല്ലാ സാധനങ്ങളും ഇട്ടു കഴിഞ്ഞപ്പോൾ മൂസാ നബി عليه السلام തന്റെ വടിയെടുത്തു. ജനങ്ങൾ ആകാംക്ഷയോടെ നോക്കിനിൽക്കുകയാണ്. സാഹിറുകളുടെ കയറുകളും മറ്റും പാമ്പുകളായി ഇഴയുന്നു. അവയെ തോൽപിക്കാൻ മൂസാ നബി عليه السلام യുടെ ഈ വടിക്ക് കഴിയുമോ?

മൂസാ നബി عليه السلام ബിസ്മി ചൊല്ലി വടി നിലത്തിട്ടു. അത്ഭുതം! ആ വടിയതാ ജാലവിദ്യക്കാരുടെ പാമ്പുകളെക്കാൾ വലിയ ഒരു പാമ്പായി മാറി. മാത്രമല്ല ജാലവിദ്യക്കാരുടെ പാമ്പുകളെയെല്ലാം അത് വിഴുങ്ങി. ഇതുകണ്ട് സാഹിരീങ്ങൾക്ക് ബോധ്യമായി. മൂസാ عليه السلام ജാലവിദ്യക്കാരല്ല. അല്ലാഹുവിന്റെ നബിയാണ് എന്ന്. അവർ സുജൂദിൽ വീണുകൊണ്ട് പറഞ്ഞു: ''ഞങ്ങൾ മൂസായു عليه السلام ടെയും ഹാറൂൻ عليه السلام ന്റെയും റബ്ബിൽ വിശ്വസിച്ചിരിക്കുന്നു.''

മൂസാനബി عليه السلام ക്കും ഹാറൂൻ നബി عليه السلام ക്കും സന്തോഷമായി. അവർ അല്ലാഹുവെ സ്തുതിച്ചു.

## ഫിർഔനും സംഘവും കടലിൽ മുങ്ങുന്നു

ജാലവിദ്യക്കാർ മൂസാനബി عليه السلام യിലും ഹാറൂൻ നബി عليه السلام യിലും വിശ്വസിച്ചപ്പോൾ ഫിർഔനിന്ന് കോപം വന്നു. അവൻ പറഞ്ഞു: ''എന്റെ സമ്മതം കിട്ടാതെ നിങ്ങൾ മൂസാ عليه السلام യിൽ വിശ്വസിച്ചതെന്തിന്? നിങ്ങളെയെല്ലാവരെയും ഞാൻ തലകീഴായി കെട്ടിത്തൂക്കും. കൈകാലുകൾ മുറിക്കും.''

ജാലവിദ്യക്കാർ ഫിർഔനിന്റെ വാക്കുകൾ കേട്ട് പേടിച്ചില്ല. നീ എന്ത് ശിക്ഷ തന്നാലും ശരി, ഞങ്ങൾ സത്യവിശ്വാസത്തിൽ നിന്ന് പിന്മാറുകയില്ലെന്ന് അവർ ഫിർഔനിനോട് പറഞ്ഞു.

അല്ലാഹു മൂസാ നബി عليه السلام യോട് 'നീ നിന്റെ ആളുകളെയും കൊണ്ട് രാത്രിയിൽ രക്ഷപ്പെടുക' എന്നു പറഞ്ഞു.

മൂസാ നബി عليه السلام യും സംഘവും രക്ഷപ്പെടുന്നതു കണ്ടപ്പോൾ ഫിർഔനും കൂട്ടരും അവരെ പിടികൂടാനായി പിന്നാലെ ഓടി. അപ്പോൾ അല്ലാഹുവിന്റെ കൽപനപ്രകാരം മൂസാനബി عليه السلام വടി കൊണ്ട് ചെങ്കടലിൽ അടിച്ചു. അപ്പോൾ കടൽ പിളർന്ന് ഒരു വഴി തെളിഞ്ഞു. അദ്ദേഹവും അനുയായികളും അതിലൂടെ നടന്നു.

അപ്പോഴേക്കും ഫിർഔനും സൈന്യവും ആ വഴിയിൽ പ്രവേശിച്ചു. ഉടനെ ആ വഴി പഴയപോലെ കടലായി മാറി. പക്ഷേ മൂസാനബി عليه السلام യും കൂട്ടുകാരും അപ്പോഴേക്കും അക്കരയെത്തി. അവർ രക്ഷപ്പെട്ടു. ക്രൂരനും ധിക്കാരിയുമായ ഫിർഔനും അവന്റെ സൈന്യവും ചെങ്കടലിൽ മുങ്ങി മരിച്ചു. മൂസാ നബി عليه السلام ക്ക് അല്ലാഹു നൽകിയ വേദഗ്രന്ഥമാണ് തൗറാത്ത്.

# പഠന പ്രവർത്തനങ്ങൾ

## പാഠത്തിലെ ചില പേരുകൾ പറയാം:




## വിട്ടുപോയ ഭാഗം പൂരിപ്പിക്കുക:

1. ഫിർ___ൻ
2. ആൺ___ട്ടി
3. ഖിബ്___
4. യഅ്___ബ്




## യോജിച്ച പദങ്ങൾ ചേർത്തെഴുതാം:

______________ രാജാവ്

______________ പാമ്പായി

______________ പിളർന്നു

## മാതൃക പോലെ എഴുതുക:

1. മുങ്ങി — മുങ്ങാം
2. തുടങ്ങി — ____________
3. ഒഴുക്കി — ____________
4. നിർത്തി — ____________
5. ചാടി — ____________

## കണ്ടെത്താം:

**താഴെയുള്ള വാക്കുകൾ പാഠത്തിൽ എവിടെയാണെന്ന് കണ്ടെത്തി വട്ടം വരക്കൂ:**

സന്ദേശം

വൃദ്ധൻ

അന്വേഷിച്ചു

ശബ്ദം

സഹായം

ത്വുവാ

## ശരിയുത്തരം കണ്ടെത്താം:

1. മൂസാ നബി عليه السلام വിവാഹം ചെയ്തത് ഏതു രാജ്യത്തു നിന്നായിരുന്നു ?

   (ഈജിപ്ത്, മദ്‌യൻ, ഇന്ത്യ)

2. ആൺകുട്ടികളെ കൊല്ലാൻ കൽപിച്ച രാജാവ് ആരാണ് ?

   (നംറൂദ്, ഫിർഔൻ)

3. ഫിർഔൻ ഏത് കടലിലാണ് മുങ്ങിമരിച്ചത് ?

(അറബിക്കടലിൽ, ചെങ്കടലിൽ)

4. മൂസാനബി عليه السلام മിന് ലഭിച്ച ഗ്രന്ഥം ............ ആണ്?

(ഖുർആൻ, തൗറാത്ത്, ഇഞ്ചീൽ)

5. മൂസാനബി عليه السلام നാടുവിടാൻ കാരണമെന്ത് ?

## ഓർത്തിരിക്കാം ഉച്ചത്തിൽ പറയാം:

തീർച്ചയായും ഞാനാകുന്നു അല്ലാഹു.
ഞാനല്ലാതെ ഒരു ഇലാഹുമില്ല. അതിനാൽ എന്നെ
നീ ആരാധിക്കുകയും, എന്നെ ഓർമിക്കുന്നതിനായി
നിസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക.
(സൂറ: ത്വാഹ 14)

# പാഠം 5

# عيسى عليه السلام

**മർയം എന്നൊരു സ്ത്രീരത്നം**

**മലയുടെ ചെരിവിലിരിക്കുമ്പോൾ**

**മലക്കു വന്നു ചാരത്ത്**

**മർയം ബീവി പേടിച്ചു**

**മലക്കു ചൊല്ലി നിനക്കുണ്ട്**

**സന്തോഷിക്കാനൊരു കാര്യം**

**ഈസാ എന്നൊരു പൂമകനെ**

**നിനക്കു നൽകും അല്ലാഹു**

ഈസാ നബി عليه السلام യുടെ ജനനം അത്ഭുതം നിറഞ്ഞതായിരുന്നു. അവരുടെ മാതാവ് മർയം ആണ്. ഒരിക്കൽ മർയം ഒരു മലയുടെ താഴ്‌വാരത്തിൽ ഇരിക്കുകയായിരുന്നു. അടുത്ത് ആരുമില്ല. അപ്പോൾ പരിചയമില്ലാത്ത ഒരാൾ അവരുടെ അവരുടെ അടുത്ത് വന്നു. ഒരു പുരുഷൻ തന്റെ അടുത്തേക്കു വന്നപ്പോൾ അവർക്ക് പേടിയും സംശയവും തോന്നി. നീ അല്ലാഹുവിനെ സൂക്ഷിക്കുക എന്ന് മർയം അദ്ദേഹത്തോടു പറഞ്ഞു.

അതിന്റെ ഉദ്ദേശ്യം ഒരു സ്ത്രീ ഒറ്റക്കിരിക്കുമ്പോൾ അന്യപുരുഷൻ അവളുടെ അടുത്തേക്ക് വരുന്നത് തെറ്റാണ് എന്നായിരുന്നു.

അപ്പോൾ വന്നയാൾ പറഞ്ഞു. ഞാൻ അല്ലാഹുവിങ്കൽ നിന്നു വരുന്ന മലക്കാണ്. നിനക്ക് ഒരു കുഞ്ഞുണ്ടാകുമെന്ന് സന്തോഷവാർത്ത അറിയിക്കാനാണ് ഞാൻ വന്നത്.

മർയം പറഞ്ഞു: ''ഞാൻ വിവാഹം കഴിച്ചിട്ടില്ലല്ലോ. പിന്നെ എങ്ങനെയാണ് എനിക്ക് കുട്ടിയുണ്ടാവുക? ഞാൻ ഒരു ദുർനടപ്പുകാരിയുമല്ല.'' മലക്കിന്റെ മറുപടി, ''അല്ലാഹു ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറഞ്ഞാൽ മതി. ഉടനെ അതുണ്ടാകും'' എന്നായിരുന്നു.

അങ്ങനെ മർയം ഗർഭിണിയായി. അപ്പോൾ ആളുകൾ അവരെ പരിഹസിക്കാൻ തുടങ്ങി. പ്രസവവേദന വന്നപ്പോൾ മർയം ഒരു ഈത്തപ്പനയുടെ ചുവട്ടിലേക്ക് പോയി. അപ്പോൾ ഒരു ശബ്ദം കേട്ടു.

''വ്യസനിക്കേണ്ട. നിന്റെ താഴ്ഭാഗത്ത് നിന്റെ രക്ഷിതാവ് ഒരു അരുവിയുണ്ടാക്കിത്തന്നിരിക്കുന്നു. നീ ഈത്തപ്പന പിടിച്ച് കുലുക്കുക. അത് നിനക്ക് പഴങ്ങൾ വീഴ്ത്തിത്തരും. അരുവിയിൽ നിന്ന് വെള്ളം കുടിക്കുക. ആരെങ്കിലും വല്ലതും ചോദിച്ചാൽ അവരോട് ഒന്നും മിണ്ടരുത്.''

മർയം പ്രസവിച്ചു. കുഞ്ഞിന് ഈസാ എന്ന് പേരിട്ടു. കുഞ്ഞിനെയുമായി വീട്ടിൽ പോയി. അതിനെ തൊട്ടിലിലിട്ടു.

''മർയമേ, നല്ല കുടുംബത്തിൽ പിറന്ന നീ എങ്ങനെ ചീത്ത പെണ്ണായിപ്പോയി ?'' എന്ന് ആളുകൾ അവരോട് ചോദിച്ചു. അപ്പോൾ തൊട്ടിലിലെ കുഞ്ഞിന്റെ നേരെ ചൂണ്ടി. അത് സംസാരിക്കും എന്ന

മർയം തൊട്ടിലിലെ കുഞ്ഞിന്റെ നേരെ ചൂണ്ടി. (അത് സംസാരിക്കും എന്ന അർത്ഥത്തിൽ) ‘‘ഒരു കൊച്ചു കുഞ്ഞിനോട് ഞങ്ങളെങ്ങനെയാണ് സംസാരിക്കുക?’’ അവർ മർയമിനോട് ചോദിച്ചു. ഉടനെ ആ പിഞ്ചു പൈതൽ പറഞ്ഞു. ‘ഞാൻ അല്ലാഹുവിന്റെ അടിമയാണ്. അവൻ എന്നെ നബിയാക്കിയിരിക്കുന്നു.’

കുട്ടികളെ, ഇതുപോലുള്ള പല അത്ഭുതങ്ങളും ഈസാ നബി عليه السلام യിലൂടെ വെളിപ്പെട്ടിട്ടുണ്ട്.

# കളിമൺ പക്ഷി പറന്നു

ഒരിക്കൽ കളിമണ്ണുകൊണ്ട് ഒരു പക്ഷിയെ ഉണ്ടാക്കാൻ അല്ലാഹു ഈസാ നബി عليه السلام യോട് പറഞ്ഞു. അദ്ദേഹം പക്ഷിയുടെ രൂപമുണ്ടാക്കി. നീ അതിൽ ഊതുക എന്നും അപ്പോൾ എന്റെ അനുമതിയോടെ ജീവനുള്ള ഒരു പക്ഷിയായി അത് പറക്കുമെന്നും അല്ലാഹു പറഞ്ഞു. അങ്ങനെത്തന്നെ സംഭവിച്ചു.

ജനങ്ങൾ വീട്ടിൽ സൂക്ഷിച്ച സാധനങ്ങൾ എന്തെല്ലാമാണെന്ന് അവിടെ പോയി നോക്കാതെ ഈസാ നബി عليه السلام പറഞ്ഞു. അന്ധന്മാർക്ക് അല്ലാഹുവിന്റെ അനുമതിയോടെ കാഴ്ച നൽകി. വെള്ളപ്പാണ്ട് മാറ്റി.

ഹവാരികൾ അദ്ദേഹത്തോട് അപേക്ഷിച്ചു. താങ്കൾ അല്ലാഹുവോട് ആകാശത്തുനിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തരാൻ പ്രാർത്ഥിക്കൂ. അദ്ദേഹം പ്രാർത്ഥിക്കുകയും ഒരു വലിയ ഭക്ഷണത്തളിക അല്ലാഹു ആകാശത്തുനിന്ന് ഇറക്കിക്കൊടുക്കുകയും ചെയ്തു. നബിമാരിലൂടെ പ്രകടമാകുന്ന ഇത്തരം അത്ഭുതസംഭവങ്ങൾക്ക് مُعْجِزَة (അമാനുഷികത) എന്നു പറയുന്നു.

ഈസാ عليه السلام നെ കുരിശിൽ തറച്ച് കൊല്ലാൻ ശത്രുക്കൾ തീരുമാനിച്ചു. അപ്പോൾ അല്ലാഹു അദ്ദേഹത്തെ ആകാശത്തേക്ക് ഉയർത്തി. ലോകാവസാനമടുക്കുമ്പോൾ ഈസാ عليه السلام ആകാശത്ത് നിന്ന് ഇറങ്ങിവരും. എന്നിട്ട് നീതിമാനായ ഭരണാധികാരിയായി ലോകം ഭരിക്കും.

# പഠന പ്രവർത്തനങ്ങൾ

## വായിക്കാം എഴുതാം:

1. ജനനം ____________________
2. മാതാവ് ____________________
3. ഗർഭിണി ____________________
4. അരുവി ____________________
5. പക്ഷി ____________________

## വാക്കുകൾ പൂരിപ്പിക്കുക:

1. മ _____ (നം , വം)
2. വ _____ (തം , നം)
3. _____ രം (മ , ത)
4. _____ ല (പ , മ)
5. മാ _____ (രം , നം)

## ചോദ്യങ്ങൾ:

1. ഈസാ عليه السلام ന്റെ മാതാവിന്റെ പേരെന്ത് ?
2. മർയമിന്ന് ഒരു കുഞ്ഞുണ്ടാകുമെന്ന വാർത്ത ആരാണ് അറിയിച്ചത് ?
3. നബിമാരിലൂടെ ഉണ്ടാകുന്ന അത്ഭുത സംഭവങ്ങൾക്ക് എന്താണ് പറയുക ?

## പദനിർമ്മാണം:







## അക്ഷരങ്ങൾ വരുന്ന പദങ്ങൾ എടുത്തെഴുതൂ:

| അ |
|---|
| |

| പ |
|---|
| |

| ക |
|---|
| |

| മ |
|---|
| |

## പൂരിപ്പിച്ച് എഴുതാം:

1. ഈസാ നബി عليه السلام അല്ലാഹുവിന്റെ അനുമതിയോടെ

   അന്ധന്മാർക്ക് ............. നൽകി. (കണ്ണട, കാഴ്ച)

2. ഒരിക്കൽ കളിമണ്ണ് കൊണ്ട് ഒരു ............. യെ ഉണ്ടാക്കാൻ അല്ലാഹു

   ഈസാ നബി عليه السلام യോട് പറഞ്ഞു. (ആന, പക്ഷി)

3. കുഞ്ഞായിരിക്കുമ്പോൾ സംസാരിച്ച നബി ?

   (ആദം നബി عليه السلام, ഈസാ നബി عليه السلام

# പാഠം 6

## محمد صلى الله عليه وسلم

## ആമിനയും അബ്ദുല്ലയും

മക്കയിൽ അബ്ദുല്ല എന്ന ഒരു കച്ചവടക്കാരനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു ആമിന. അവർ സ്നേഹത്തോടെ ജീവിച്ചു. അവർ രണ്ടുപേരും ഖുറൈശ് ഗോത്രക്കാരായിരുന്നു.

ഒരിക്കൽ അബ്ദുല്ല സിറിയയിലേക്ക് കച്ചവടത്തിന്നു പോയി. അപ്പോൾ ഭാര്യ ആമിന ഗർഭിണിയായിരുന്നു. കച്ചവടം കഴിഞ്ഞു മടങ്ങുമ്പോൾ മദീനക്കടുത്തുള്ള ഒരു സ്ഥലത്തുവെച്ച് അബ്ദുല്ല മരണപ്പെട്ടു. ഭർത്താവ് മരിച്ച് രണ്ടുമാസം കഴിഞ്ഞപ്പോൾ ആമിന ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. കുഞ്ഞിന് അവർ മുഹമ്മദ് എന്ന് പേരിട്ടു. ക്രിസ്തുവർഷം 571 ലായിരുന്നു മുഹമ്മദ് ﷺ ന്റെ ജനനം.

**ആമിനതൻ പൂമകൻ**

**മുഹമ്മദെന്ന ബാലകൻ**

**സദ്ഗുണങ്ങളൊത്തവൻ**

**സത്യസന്ധനായവൻ**

## മുഹമ്മദ് ﷺ ന്റെ കുട്ടിക്കാലം

അബ്ദുല്ലയുടെ പിതാവായിരുന്നു അബ്ദുൽ മുത്ത്വലിബ്. അബ്ദുല്ല മരിച്ചതിനാൽ മുഹമ്മദ് ﷺ നെ അബ്ദുൽ മുത്ത്വലിബ് സ്നേഹത്തോടെ വളർത്താൻ തുടങ്ങി. അദ്ദേഹം മുഹമ്മദ് ﷺ നെ മുലയൂട്ടി വളർത്താൻ ഹലീമ എന്ന സ്ത്രീയെ ഏൽപിച്ചു. നാലുവർഷം മുഹമ്മദ് ﷺ ഹലീമയോടൊപ്പം താമസിച്ചു. അതിനുശേഷം ആമിനയോടൊത്താണ് ആ കുട്ടി ജീവിച്ചത്. ആമിനയോടും ഹലീമയോടും വലിയ ഇഷ്ടമായിരുന്നു മുഹമ്മദ് ﷺന്. മുഹമ്മദ് ﷺ വളർന്നു. ആരോഗ്യവും സൗന്ദര്യവുമുള്ള കുട്ടിയായിരുന്നു മുഹമ്മദ് ﷺ. നല്ല സ്വഭാവക്കാരനായ ആ കുട്ടിയെ എല്ലാവരും ഇഷ്ടപ്പെട്ടു. മുഹമ്മദ് ﷺ സത്യമേ പറഞ്ഞിരുന്നുള്ളൂ. അബൂബക്റിനോടൊപ്പമാണ് മുഹമ്മദ് ﷺ അധിക സമയവും കളിച്ചിരുന്നത്. മുഹമ്മദ് ﷺ നെപ്പോലെ അബൂബക്റും നല്ല കുട്ടിയായിരുന്നു. അബൂബക്റിനെക്കാൾ രണ്ട് വയസ്സ് മീതെയായിരുന്നു മുഹമ്മദ് ﷺ. മുഹമ്മദ് ﷺ യുടെ സത്യസന്ധത കാരണം എല്ലാവരും അദ്ദേഹത്തെ അൽ അമീൻ (വിശ്വസ്തൻ) എന്നു വിളിച്ചു.

മുഹമ്മദ് ﷺ യുടെ ആറാമത്തെ വയസ്സിൽ ആമിന മുഹമ്മദ് ﷺ നെയും കൊണ്ട് ഭർത്താവിന്റെ ഖബ്ർ സന്ദർശിക്കാൻ പോയി. മടക്കയാത്രയിൽ രോഗം പിടിപെട്ട് ആമിന മരിച്ചു. ഉപ്പയെ കാണാൻ ഭാഗ്യം കിട്ടാത്ത മുഹമ്മദ് ﷺ ഉമ്മ മരിച്ചപ്പോൾ സങ്കടപ്പെട്ടു. കുറച്ചുകഴിഞ്ഞപ്പോൾ വലിയുപ്പ അബ്ദുൽ മുത്ത്വലിബും മരിച്ചു. എങ്കിലും ആ കുട്ടി നിരാശനായില്ല. നല്ല ക്ഷമയുള്ള കുട്ടിയായിരുന്നു മുഹമ്മദ് ﷺ. ഉപ്പയും ഉമ്മയും വലിയുപ്പയുമില്ലാത്ത മുഹമ്മദ് ﷺ

യെ അബ്ദുല്ലയുടെ സഹോദരൻ അബൂത്വാലിബ് വളർത്താൻ തുടങ്ങി.

അബൂത്വാലിബിനും അദ്ദേഹത്തിന്റെ ഭാര്യ ഫാത്തിമക്കും മുഹമ്മദ് ﷺ നോട് വലിയ സ്നേഹമായിരുന്നു. സ്വന്തം മക്കളെപ്പോലെയാണ് അവർ മുഹമ്മദ് ﷺ യെ വളർത്തിയത്. മുഹമ്മദ് ﷺ വലുതായപ്പോൾ അബൂത്വാലിബ് അദ്ദേഹത്തെ കച്ചവടം പഠിപ്പിക്കാൻ തീരുമാനിച്ചു. സിറിയയിലേക്ക് കച്ചവടത്തിന് കൊണ്ടുപോയി. ആ യാത്ര മുഹമ്മദ് ﷺ ക്ക് വളരെയധികം ഇഷ്ടപ്പെട്ടു.

## ഖദീജയുടെ കച്ചവടക്കാരൻ

മുഹമ്മദ് ﷺ ന് 25 വയസ്സായപ്പോൾ അദ്ദേഹത്തിന്റെ പ്രശസ്തി മക്കയിലെല്ലായിടത്തും വ്യാപിച്ചു. മക്കയിലെ ഏറ്റവും നല്ല സ്വഭാവക്കാരൻ അദ്ദേഹമായിരുന്നു. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ മാറ്റാനും രോഗികളെയും പ്രായം ചെന്നവരെയും സഹായിക്കാനും അദ്ദേഹം വലിയ താല്പര്യം കാണിച്ചിരുന്നു.

മക്കയിൽ ഒരു പ്രമുഖ കച്ചവടക്കാരിയുണ്ടായിരുന്നു. പേര് ഖദീജ. ഖുവൈലിദിന്റെ മകൾ. ഒട്ടകപ്പുറത്ത് കച്ചവടച്ചരക്കുകൾ കയറ്റി അന്യനാടുകളിൽ കൊണ്ടുപോയി വിൽക്കാൻ അവർ മുഹമ്മദ് ﷺ യുടെ സഹായം തേടി. അദ്ദേഹം സമ്മതിച്ചു.

ആ കച്ചവടത്തിൽ നല്ല ലാഭം കിട്ടി. ഒരു ചതിയും കാണിക്കാതെ മുഹമ്മദ് ﷺ സംഖ്യ ഖദീജയെ ഏല്പിച്ചു. മുഹമ്മദ് ﷺ യുടെ സത്യസന്ധതയിലും ആത്മാർത്ഥതയിലും അവർക്ക് മതിപ്പുതോന്നി.

# വിവാഹം

സത്യസന്ധനും സൽസ്വഭാവിയുമായ മുഹമ്മദ് ﷺ യെ ഭർത്താവായി കിട്ടിയാൽ നന്നായിരുന്നു എന്ന് ഖദീജക്കു തോന്നി. അവർ ഇക്കാര്യം അദ്ദേഹത്തിന്റെ വീട്ടുകാരെ അറിയിച്ചു. അവർ വിവാഹക്കാര്യം മുഹമ്മദ് ﷺ യെ അറിയിച്ചപ്പോൾ അദ്ദേഹം അതിനു തയ്യാറായി. അന്ന് അദ്ദേഹത്തിന്റെ വയസ്സ് ഇരുപത്തിയഞ്ചായിരുന്നു.

സന്തോഷകരമായിരുന്നു ആ വിവാഹജീവിതം. എങ്കിലും മക്കയിലെ ജനങ്ങളുടെ തെറ്റായ ജീവിതം കണ്ട് മുഹമ്മദ് ﷺ ക്ക് ദു:ഖമുണ്ടായി. ബിംബാരാധന, മദ്യപാനം, ചൂതുകളി എന്നിവ അവരുടെ ജീവിതചര്യയായിരുന്നു. പെൺകുട്ടികൾ ജനിച്ചാൽ അവർ ജീവനോടെ കുഴിച്ചുമൂടുമായിരുന്നു. നിസ്സാരകാര്യങ്ങൾക്കു വേണ്ടി അവർ യുദ്ധം ചെയ്യുമായിരുന്നു. മുഹമ്മദ് ﷺ ക്ക് ഇതിനോടെല്ലാം വെറുപ്പായിരുന്നു.

# ഹിറാഗുഹയിൽ

40 വയസ്സ് തികഞ്ഞപ്പോൾ അദ്ദേഹം മക്കയിലെ ജബലുന്നൂർ എന്ന മലയിലെ ഹിറാ ഗുഹയിൽ പോയി ഇരിക്കാൻ തുടങ്ങി. രാവും പകലും ആ ഗുഹയിൽ കഴിച്ചുകൂട്ടും. അതിനിടയിൽ ഒരു രാത്രി ജിബ്‌രീൽ എന്ന മലക്ക് ഹിറാ ഗുഹയിലെത്തി. മുഹമ്മദ് ﷺ യെ ചേർത്തുപിടിച്ച് 'ഇഖ്‌റഅ്' (വായിക്കൂ) എന്ന് പറഞ്ഞു. എനിക്ക് വായിക്കാനറിയില്ല എന്നായിരുന്നു മുഹമ്മദ് ﷺ ന്റെ മറുപടി. അദ്ദേഹം എഴുത്തും വായനയും തീരെ അറിയാത്ത ആളായിരുന്നു. ജിബ്‌രീൽ വീണ്ടും വായിക്കുക എന്ന് പറഞ്ഞു. മുഹമ്മദ് ﷺ ക്ക് പേടിയായി. പിന്നെ ജിബ്‌രീൽ താഴെ പറയുന്ന ആയത്തുകൾ മുഹമ്മദ് ﷺ ന് ഓതിക്കൊടുത്തു.

اقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ ﴿١﴾
خَلَقَ الْإِنسَانَ مِنْ عَلَقٍ ﴿٢﴾ اقْرَأْ وَرَبُّكَ الْأَكْرَمُ ﴿٣﴾
الَّذِي عَلَّمَ بِالْقَلَمِ ﴿٤﴾
عَلَّمَ الْإِنسَانَ مَا لَمْ يَعْلَمْ ﴿٥﴾

നബി ﷺ വിറച്ചുകൊണ്ട് വീട്ടിലേക്ക് ചെന്നു. നല്ല പനിയുണ്ടായിരുന്നു. ഭാര്യ അദ്ദേഹത്തെ പുതപ്പിക്കുകയും സമാധാനിപ്പിക്കുകയും ചെയ്തു.

ഹിറാ ഗുഹയിൽ നിന്ന് നബി ﷺ ക്ക് വഹ്‌യ് ലഭിച്ചത് റമദാൻ മാസത്തിലായിരുന്നു. ഇതാണ് ഖുർആൻ. പലപ്പോഴായി 23 കൊല്ലം കൊണ്ടാണ് നബി ﷺ ക്ക് ഖുർആൻ പൂർണമായി അവതരിച്ചു കിട്ടിയത്.

ഖുർആനിലെ പ്രധാന ആശയം ലാ ഇലാഹ ഇല്ലല്ലാഹ് (അല്ലാഹു അല്ലാതെ ആരാധ്യനില്ല) എന്നതായിരുന്നു. എല്ലാ നബിമാരും ജനങ്ങളെ ക്ഷണിച്ച പ്രധാന സന്ദേശം ഇത് തന്നെയായിരുന്നു. ഈ സന്ദേശം നബി ﷺആദ്യം രഹസ്യമായാണ് പറഞ്ഞിരുന്നത്. പിന്നീട് പരസ്യമായി ക്ഷണിക്കാൻ അല്ലാഹുവിന്റെ വഹ്‌യ് ഇറങ്ങി. അപ്പോൾ നബി ﷺ തന്റെ അടുത്ത ബന്ധുക്കളെ മക്കയിലെ സ്വഫാ മലയുടെ ചെരുവിൽ വിളിച്ചുകൂട്ടി. അല്ലാഹുവെ മാത്രമേ ആരാധിക്കാൻ പാടുള്ളൂ, ഞാൻ അല്ലാഹുവിന്റെ റസൂൽ ആണ് എന്ന് അവരെ അറിയിച്ചു. ഇതുകേട്ട് അവർക്ക് കോപം വന്നു. നബി ﷺ യെ അവർ ചീത്തവിളിച്ചു.

നബി ﷺ യെ വളർത്തുകയും സ്നേഹിക്കുകയും ചെയ്തിരുന്നത്

അബൂത്വാലിബാണെന്ന് നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. അദ്ദേഹവും തന്റെ സഹോദരപുത്രനായ മുഹമ്മദ് ﷺ റസൂൽ ആണെന്ന് അംഗീകരിച്ചില്ല. പക്ഷെ തന്റെ വളർത്തുമകനോടുള്ള സ്നേഹം അദ്ദേഹം കൈവെടിഞ്ഞില്ല. നബി ﷺ ക്കും അദ്ദേഹത്തോട് വലിയ സ്നേഹമായിരുന്നു.

ബിംബാരാധകരായ അവിശ്വാസികൾ നബി ﷺ യെ പലതര ത്തിലും ബുദ്ധിമുട്ടിച്ചു. മുഹമ്മദിന് ഒരു കടയിൽ നിന്നും സാധനങ്ങൾ കൊടുക്കരുതെന്ന് അവർ തീരുമാനിച്ചു. അബൂത്വാലിബ് മരിച്ചപ്പോൾ അവർ നബി ﷺ യോടുള്ള അക്രമത്തിന് ശക്തികൂട്ടി.

## മദീനയിലേക്ക്

ശത്രുക്കൾ നബി ﷺ യെ കൊല്ലാൻ തീരുമാനിച്ചു. അവർ അദ്ദേഹത്തിന്റെ വീടുവളഞ്ഞു. പുറത്തിറങ്ങുമ്പോൾ കഴുത്തു വെട്ടാനായിരുന്നു അവർ ഉദ്ദേശിച്ചിരുന്നത്. പക്ഷെ ആ വീട്ടിൽ നിന്ന് ശത്രുക്കൾ കാണാതെ നബി ﷺ അത്ഭുതകരമായി രക്ഷപെട്ടു.

നബി ﷺ തന്റെ കൂട്ടുകാരനായ അബൂബക്ർ സിദ്ദീഖ് (റ) നോടൊപ്പം ശത്രുക്കളെ ഭയന്ന് മദീനയിലേക്ക് നാടുവിട്ടു പോയി. അന്ന് നബി ﷺ ക്ക് 53 വയസ്സുണ്ടായിരുന്നു.

യാത്രക്കിടയിൽ നബി ﷺ യും അബൂബക്റും (റ) സൗർ മലയിലെ ഗുഹയിൽ ഒളിച്ചിരുന്നു. ശത്രുക്കൾ അതിന്റെ അടുത്തുകൂടെ നബി ﷺ യെ പിടികൂടാനായി നടന്നുപോയി. അവർക്ക് നബി ﷺ യെ കാണാൻ കഴിഞ്ഞില്ല. യാത്ര ചെയ്ത് നബി ﷺ യും കൂട്ടുകാരനും മദീനയിലെത്തി. മദീനക്കാർ അവരെ സന്തോഷത്തോടെ സ്വീകരിച്ചു.

മക്കയിൽ നിന്ന് മദീനയിലേക്കുള്ള ഈ യാത്രക്കാണ് ഹിജ്റ എന്നു പറയുന്നത്. നബി ﷺ മദീനയിലെത്തുന്നതിനു മുമ്പേ കുറെ സ്വഹാബിമാർ മദീനയിൽ എത്തിയിരുന്നു. ഹിജ്റ പോയവർക്ക് മുഹാജിറുകൾ എന്നും പറയുന്നു. മുഹാജിറുകളെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്ത മദീനയിലെ മുസ്ലിംകൾക്ക് അൻസ്വാറുകൾ എന്നാണ് പറയുക. മുഹാജിറുകൾക്കും അൻസ്വാറുകൾക്കും ഇസ്ലാമിൽ വലിയ സ്ഥാനമുണ്ട്. അവരെ സ്നേഹിക്കൽ സത്യവിശ്വാസത്തിന്റെ ഭാഗമാണ് എന്ന് നബി ﷺ പറഞ്ഞിട്ടുണ്ട്.

## നബിതിരുമേനിയുടെ വഫാത്ത്

നബി ﷺ മദീനയിലെത്തിയപ്പോൾ ആദ്യമായി ശ്രമിച്ചത് പള്ളിയുണ്ടാക്കാനാണ്. അദ്ദേഹം നിർമിച്ച പള്ളിയാണ് അൽ മസ്ജിദുന്നബവി. നബി ﷺ യുടെ മദീനാ ജീവിതകാലത്ത് ഇസ്ലാം വളരെയധികം പ്രചരിച്ചു. പത്ത് കൊല്ലമാണ് അദ്ദേഹത്തിന് മദീനയിൽ ജീവിക്കാൻ കഴിഞ്ഞത്. 40ാം വയസ്സിൽ നബിയായ ശേഷം 53ാം വയസ്സിലാണല്ലോ മദീനയിലേക്ക് ഹിജ്റ വന്നത്. 63ാം വയസ്സിൽ നബി ﷺ അന്തരിച്ചു. ആയിഷാ (റ) യുടെ വീട്ടിലായിരുന്നു അന്ത്യം. അവിടെ യാണ് അദ്ദേഹത്തെ ഖബറടക്കിയത്. അല്ലാഹു അദ്ദേഹത്തോടൊപ്പം നമ്മെ സ്വർഗത്തിൽ പ്രവേശിപ്പിക്കട്ടെ - ആമീൻ

# പഠന പ്രവർത്തനങ്ങൾ

## കൂട്ടക്ഷരങ്ങൾ പരിചയപ്പെടാം:

പ + പ = പ്പ

ത + ത = ത്ത

ട + ട = ട്ട

ന + ന = ന്ന

## വിട്ടുപോയ അക്ഷരം ചേർക്കാം:

1. മുഹ____ദ്
2. മദീ____
3. ഹി____റ
3. വഹ്____
4. റസൂ____




## ചേരുംപടി ചേർക്കാം:

| | |
|---|---|
| 1. മുഹമ്മദ് | അബ്ദുൽ മുത്വലിബ് |
| 2. അബ്ദുല്ല | ഹിറാ ഗുഹ |
| 3. ഉപ്പാപ്പ | ആമിന |
| 4. ഖദീജ | നബി |
| 5. ജബലുന്നൂർ | ഖുവൈലിദ് |

## സംഭാഷണം എഴുതാം:

**അജ്മൽ:** നമ്മുടെ നബി ആരാണ്?

**ഉനൈസ്:** ________________________________

**അജ്മൽ:** ________________________________________________

________________________________________________________?

**ഉനൈസ്:** അൽ അമീൻ എന്നായിരുന്നു വിളിച്ചത്.

**അജ്മൽ:** മുഹമ്മദ് നബി ﷺ യുടെ മാതാവിന്റെയും പിതാവിന്റെയും പേര് പറയാമോ?

**ഉനൈസ്:** ________________________________________________

## ചോദ്യങ്ങൾ:

1. മുഹമ്മദ് നബി ﷺ യുടെ ഒന്നാമത്തെ مُعْجِزَة എന്താണ് ?
2. നബി ﷺ എത്രാമത്തെ വയസ്സിലാണ് ഹിജ്റ പോയത് ?
3. മദീനയിൽ നബി ﷺ എത്രകൊല്ലം ജീവിച്ചു ?
4. നബി ﷺ യുടെ ഉപ്പയുടെയും ഉമ്മയുടെയും പേരെന്താകുന്നു?
5. എവിടെ വെച്ചാണ് നബി ﷺ യുടെ ഉപ്പ മരണപ്പെട്ടത്?
6. അൽഅമീൻ എന്ന വാക്കിനർത്ഥം എന്ത്?

# *NOTES*

# ഇസ്ലാമിക ചരിത്ര പാഠങ്ങൾ

## ഭാഗം ഒന്ന്